# കോവിഡ് 19 ചെറുത്തു നിൽപ്പിനായി കേരള സർക്കാർ പ്രഖ്യാപിച്ച അടിയന്തിര വായ്പ പദ്ധതി (RKLS-2020) കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന നൽകുന്നതിനുള്ള പ്രപ്പോസൽ

സൂചന: 1) 24 മാർച്ച് 2020 ന് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിനാൻസിന്റെ ചേംബറിൽ വച്ചു കുടുംബശ്രീ, എസ്.എൽ.ബി.സി. എന്നിവരുമായി നടത്തിയ യോഗത്തിന്റെ നടപടി കുറിപ്പ്

2)27.03.2020 ലെ SLBC സബ്കമ്മിറ്റി യോഗം.

കഴിഞ്ഞ രണ്ടുവർഷകാലത്തെ പ്രളയക്കെടുതിയിൽനിന്ന് കരകയറാനുള്ള ജനങ്ങളുടെ ഭഗീരത പ്രയത്നത്തിനു മുൻപിലാണ് കൊറോണയെന്ന വൈറസിന്റെ ആഗമനം. ജനസമ്പർക്കം ഒഴിവാക്കി കൊറോണ എന്ന മഹാമാരിയിൽ നിന്ന് രക്ഷനേടാൻ ജനങ്ങൾ ശ്രമിക്കുമ്പോൾ സമൂഹത്തിന്റെ സാമ്പത്തിക ഭദ്രത തകരാതിരിക്കാൻ വേണ്ടി സർക്കാരിനൊപ്പം നിൽക്കാൻ കുടുംബശ്രീക്ക് സാധിക്കും

കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ കേരളമൊട്ടാകെയുള്ള വ്യാപ്തിയും നാളിതുവരെയുള്ള പ്രവർത്തന പാരമ്പര്യവും സാമൂഹ്യാധിഷ്ഠിത വായ്പാ പദ്ധതിയിൽ കൈവരിച്ച സുസ്ത്യർഹമായ പുരോഗതിയും കണക്കിലെടുക്കുമ്പോൾ ഈ പദ്ധതിയും കുടുംബശ്രീയ്ക്ക് ഏറ്റെടുക്കാൻ സാധിക്കും. നാളിതുവരെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് **15732 കോടി** രൂപ ബാങ്ക് വായ്പ ഇനത്തിൽ ലഭ്യമായിട്ടുണ്ട്. വളരെ ലളിതവും, ഈടില്ലാതെയുമാണ് പ്രസ്തുത വായ്പകൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സമയബന്ധിതമായി ബാങ്കുകൾ ലഭ്യമാക്കുന്നത്. ഈടില്ലാത്ത വായ്പ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് നൽകുന്നത് ബാങ്കിംഗ് സംവിധാനത്തിന് കുടുംബശ്രീയോടുള്ള വിശ്വാസ്യത ചൂണ്ടിക്കാണിക്കുന്നു. ത്രിതല സംഘടനാ സംവിധാനത്തിലൂടെ പ്രസ്തുത വായ്പാ തിരിച്ചടവുകൾ കൃത്യമായ ഇടവേളകളിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ഇതിലൂടെ 98.6% വായ്പാ തിരിച്ചടവ് ഉറപ്പാക്കുകയും ചെയ്യാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാമ്പത്തിക സഹായം ആവശ്യമായവരെ കണ്ടെത്തുന്നതിനും അവർക്ക് ബാങ്ക്വായ്പയിലൂടെ അടിയന്തിര സാമ്പത്തിക സഹായം ലഭ്യമാക്കു

ന്നതിനും സർക്കാരിന്റെ പിന്തുണയോടെ കുടുംബശ്രീയ്ക്ക് സാധ്യമാകും. പ്രളയക്കെടുതിയിൽപെട്ടവർക്കായി നടപ്പാക്കിയ റിസർജന്റ് കേരള ലോൺ സ്കീം ഇതിനൊരുദാഹരണമാണ്. 29,771 അയൽക്കൂട്ടങ്ങൾ വഴി 1,95,514 ലക്ഷം കുടുംബാംഗങ്ങൾക്ക് 1680 കോടി രൂപയുടെ പലിശരഹിത വായ്പ നൽകാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

**ആശയം:**

കൊറോണ എന്ന മഹാമാരി സാധാരണ ജനങ്ങളുടെ തൊഴിൽ ജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല 21 ദിവസം സർക്കാർ സമ്പൂർണ്ണ അടച്ചുപൂട്ടലും (ലോക്ക് ഡൗൺ) പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ സാഹചര്യത്തിൽ രോഗവ്യാപനം തടയാനായി കുറഞ്ഞത് രണ്ടു മാസമെങ്കിലും ജോലിക്ക് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സാധാരണക്കാരന് ജീവിത ചെലവിനുള്ള തുക എത്തിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് നടപ്പിലാക്കുന്ന പദ്ധതിയിൽ ഒരു കൂടുംബശ്രീ കുടുംബത്തിന് **പരമാവധി 20,000/- രൂപ** എന്ന കണക്കിൽ ഒരു അയൽക്കൂട്ടത്തിന് പരമാവധി **നാല് ലക്ഷം രൂപ** വരെ കൂടുംബശ്രീ വഴി ബാങ്ക് വായ്പയായി ലഭ്യമാക്കും. ഇതിലൂടെ കേരളത്തിലെ 55% കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന 45 ലക്ഷം അയൽക്കൂട്ടാംഗങ്ങൾക്ക് സാമ്പത്തിക സഹായം ഉറപ്പാക്കാൻ കഴിയും .

## വായ്പാ പദ്ധതിയുടെ സവിശേഷതകൾ

1. **പദ്ധതി: 31 ഡിസംബർ 2019 ***നു മുമ്പായി രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്കാണ് വായ്പ ലഭ്യമാകുന്നത്. അയൽക്കൂട്ടങ്ങൾ ഒരു തവണയെങ്കിലും വായ്പ എടുത്തിട്ടുള്ള സാഹചര്യത്തിൽ അതേ ബാങ്കുകളും (ഷെഡ്യൂൾഡ്/സഹകരണ), അയൽക്കൂട്ടങ്ങൾ ഇതുവരെ വായ്പ എടുക്കാത്ത സാഹചര്യത്തിൽ സേവിംഗ്സ് അക്കൗണ്ട് ഉള്ള ബാങ്കുകളും (ഷെഡ്യൂൾഡ്/സഹകരണ) ആയിരിക്കും പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കേണ്ടത്. ബാങ്കുകൾ പുതിയ ലിങ്കേജ് വായ്പയായോ നിലവിലുള്ള വായ്പയുടെ വായ്പാപരിധി ഉയർത്തി(ടോപ്പ് അപ്പ്) നൽകുകയോ ചെയ്യാവുന്നതാണ്.

2. **ലക്ഷ്യം:** ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് അന്നന്നത്തെ ചെലവിനുള്ള തുക കണ്ടെത്തിയിരുന്ന അയൽക്കൂട്ടാംഗങ്ങൾക്ക് അടിയന്തിര സാമ്പത്തിക സഹായം ലഭ്യമാക്കുക.
3. **വായ്പാ പരിധി:** ഒരു അയൽക്കൂട്ടാംഗത്തിന് **പരമാവധി 20,000/- രൂപ** എന്ന കണക്കിൽ ഒരു അയൽക്കൂട്ടത്തിന് പരമാവധി **നാല് ലക്ഷം രൂപ**.
4. **പലിശ നിരക്ക് **** : ബാങ്ക് 8.5% - 9% പലിശയ്ക്ക് (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും ഈ പലിശ തുക തിരിച്ചടവിന്റെ കൃത്യതയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും കുടുംബശ്രീ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.
5. **തിരിച്ചടവ് കാലാവധി:** 6 മാസം മോറട്ടോറിയം ഉൾപ്പെടെ 36 മാസം ആയിരിക്കും വായ്പാ കാലാവധി.
6. **വായ്പാ തിരിച്ചടവ്:** മോറട്ടോറിയം കാലാവധിക്കു ശേഷം അയൽക്കൂട്ടം പലിശയുൾപ്പെടെയുള്ള ഇ.എം.ഐ തുക മാസാമാസം തിരിച്ചടവ് നടത്തേണ്ടതാണ്. വായ്പയുടെ പലിശ തുക സബ്സിഡിയായി 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൂടുംബശ്രീ ലഭ്യമാക്കുന്നതാണ്.
7. **ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്:** കോവിഡ്- 19 മൂലം കഷ്ടത അനുഭവിക്കുന്ന ഒരു കുടുംബവും ഒഴിവാക്കപ്പെടാൻ പാടുള്ളതല്ല. പക്ഷെ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വേതനം/പെൻഷൻ( പ്രതിമാസം 10,000 രൂപയോ അതിന് മുകളിലോ കുടുംബത്തിന് ആകെ വരുമാനം) ലഭിക്കുന്ന അയൽക്കൂട്ടാംഗങ്ങളോ കുടുംബാംഗങ്ങളോ ഉണ്ടെങ്കിൽ അവർക്ക് ഈ വായ്പ അനുവദിക്കാൻ പാടുള്ളതല്ല (ഹോണറേറിയം, സാമൂഹിക സുരക്ഷാ പെൻഷൻ എന്നിവ ലഭിക്കുന്ന അയൽക്കൂട്ടാംഗങ്ങൾക്ക് വായ്പ നൽകാവുന്നതാണ്.)

മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതി കുടുംബശ്രീ സംഘടനാസംവിധാനം വഴി നടപ്പാക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി കൈകൊള്ളണമെന്ന് അഭ്യർഥിക്കുന്നു. കൂടാതെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ചുവടെ പറഞ്ഞിരിക്കുന്നവ ഉത്തരവിൽ ഉൾപ്പെടുത്തുന്നത് ഫലപ്രദമായിരിക്കും.

1. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ സംഘടനാസംവിധാനം വഴി ഈ പദ്ധതി നടപ്പാക്കാനുള്ള തുടർ ഉത്തരവുകൾ, സർക്കുലറുകൾ, നടപടിക്രമങ്ങൾ എന്നിവ പുറപ്പെടുവിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.
2. അവശ്യമെങ്കിൽ ഈ പദ്ധതിക്കു വേണ്ടി ബാങ്കുകളുമായി കരാറിൽ ഏർപ്പെടാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.
3. വായ്പാ പലിശ കുടുംബശ്രീ കണക്കാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കുടുംബശ്രീ മുഖേന സർക്കാർ അനുവദിക്കുന്നതാണ്.

**ഒപ്പ്/-**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

***** കുടുംബശ്രീ 3 മാസം മുമ്പ് വരെ രൂപീകരിച്ച അയൽക്കൂട്ടങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാൽ 6 മാസം പൂർത്തീകരിക്കണമെന്ന് SLBC ആവശ്യപ്പെടാൻ സാധ്യതയുണ്ട്.

****** വായ്പയുടെ പലിശ നിരക്ക് കുടുംബശ്രീ 8.5% ആവശ്യപ്പെട്ടിട്ടുണ്ട് എന്നാൽ SLBC 9% വരെ ആക്കാൻ സാധ്യതയുണ്ട്.